23/3/22
DESPATCHED On 30/3/2022

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം–695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 2053(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.17510/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 23**

ശ്രീ. ശ്രീനീജ് എസ്.,
കായക്കോട്ടുമ്മൽ വീട്,
മങ്ങാട്, പുത്തൂർ പോസ്റ്റ്,
ഓമശ്ശേരി, കോഴിക്കോട് –673 582.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഹെഡ്മാസ്റ്റർ,
   കുന്ദമംഗലം ഹയർ സെക്കണ്ടറി സ്കൂൾ
   ഹെഡ്മാസ്റ്ററുടെ കാര്യാലയം,
   കുന്ദമംഗലം, കോഴിക്കോട്.
2. അപ്പീൽ അധികാരി &
   ജില്ലാ വിദ്യാഭ്യാസ ഓഫീസർ,
   ജില്ലാ വിദ്യാഭ്യാസ ഓഫീസ്,
   താമരശ്ശേരി, കോഴിക്കോട്.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 14.7.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.8.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 15.8.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 16.9.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 24.12.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 29.12.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 6.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 27.1.2022 |
| ഹിയറിംഗ് (ഓഡിയോ/വീഡിയോ) തീയതി | 22.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

# ഉത്തരവ്

ശ്രീ. ശ്രീനീജ് എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ഫീസ് ഈടാക്കാതെ നൽകണമെന്ന് അപ്പീൽ അധികാരിയുടെ ഉത്തരവുണ്ടായിട്ടും പബ്ലിക് ഇൻഫർമേഷൻ

ഓഫീസർ വിവരങ്ങൾ നൽകാതിരുന്നതിനെതിരെ കർശന നപടികൾ സ്വീകരിക്കണമെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 14.7.2021 തീയതി സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, കുന്ദമംഗലം ഹയർ സെക്കൻഡറി സ്കൂളിലെ 1.1.2014 മുതൽ 31.3.2015 വരെ ഉള്ള യു.പി., ഹൈസ്കൂൾ വിഭാഗം അദ്ധ്യാപക ഹാജർ രജിസ്റ്ററന്റെ പകർപ്പ് ലഭ്യമാക്കണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 16.8.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. എന്നാൽ അപേക്ഷ പ്രകാരമുള്ള രേഖാപകർപ്പ് ലഭ്യമാക്കിയിട്ടില്ലെന്നും ആയത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ട് ഹർജിക്കാരൻ ഒന്നാം അപ്പീൽ നൽകിയതായി കാണുന്നു. മേൽപ്പടി അപ്പീൽ തീർപ്പാക്കി നൽകിയ മറുപടിയിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഹർജിക്കാരന് ലഭ്യമാക്കി വിവരം അപ്പീൽ അധികാരിയെ അറിയിക്കണമെന്നാണ്. തുടർന്ന് രേഖകൾ എടുക്കുന്നതിന് 630/- രൂപ മുൻകൂട്ടി അടയ്ക്കണമെന്ന് അറിയിച്ചുകൊണ്ട് 30.9.2021 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ കുന്ദമംഗലം ഹയർ സെക്കണ്ടറി സ്കൂളിലെ ഒരു അംഗീകൃത യു.പി.എസ്.ടി ആയി ജോലി ചെയ്തുവരുന്ന ഒരു അദ്ധ്യാപകനാണെന്നും, തുടർച്ചയായി ക്രിമിനൽ സ്വഭാവം പ്രകടിപ്പിച്ചു വരുന്ന ടിയാനെതിരായി അച്ചടക്ക അധികാരി ഇതിനകം പലതവണ സസ്പെൻഷൻ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും അദ്ദേഹത്തിനെതിരായി രണ്ട് അച്ചടക്ക നടപടികൾ നിലവിലുണ്ടെന്നും 14.7.2021-ലെ വിവരാവകാശ അപേക്ഷ പ്രകാരം കുന്ദമംഗലം ഹയർ സെക്കണ്ടറി സ്കൂളിലെ 1.1.2014 മുതൽ 31.3.2015 വരെയുള്ള കാലത്തെ ഹാജർ രജിസ്റ്ററിന്റ പകർപ്പ് വിവരാവകാശ നിയമ പ്രകാരം ടിയാൻ ആവശ്യപ്പെട്ടിരുന്നു എന്നും കഴിഞ്ഞകുറെക്കാലമായി നിരന്തരം ക്രിമിനൽ സ്വഭാവം കാണിച്ചു വരുന്ന അച്ചടക്ക നടപടികൾ നേരിടുന്ന ഒരു അധ്യാപകനെന്ന നിലയിലും അദ്ദേഹം തന്നെ ദിവസവും ഒപ്പുവെക്കുന്ന ഹാജർ പട്ടിക അദ്ദേഹത്തെ സംബന്ധിച്ച് യാതൊരു രഹസ്യ സ്വഭാവവും ഇല്ലാത്തതാണ് എന്നതിനാലും ആയത് പൊതുജനം അറിയേണ്ട ഒരു പബ്ലിക് ഡോക്യുമെന്റ് അല്ലെന്നതിനാലും പ്രസ്തുത കാരണങ്ങൾ കാണിച്ചുകൊണ്ട് ടിയാന് 16.8.2021-ന് രേഖാമൂലം മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടി ലഭിച്ചതിനെ തുടർന്ന് ടിയാൻ 15.8.2021-ന് ഒന്നാം അപ്പീൽ സമർപ്പിക്കുകയും ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ രണ്ടാഴ്ചക്കുള്ളിൽ അപേക്ഷകന് നൽകാനായി നിർദ്ദേശിച്ചതനുസരിച്ച് ആവശ്യപ്പെട്ട രേഖകളുടെ പകർപ്പ് ഫീസ് ഇനത്തിൽ 630/- രൂപ മുൻകൂട്ടി അടച്ച് സ്കൂളാഫീസിൽ നിന്നും രേഖകളുടെ പകർപ്പ് കൈപ്പറ്റാമെന്ന് അറിയിച്ചുകൊണ്ട് 30.9.2021-ലെ കത്ത് ഹർജിക്കാരന് രജിസ്റ്റേർഡ് തപാലിൽ അയച്ചിട്ടുള്ളതും ആയത് ഹർജിക്കാരൻ കൈപ്പറ്റിയിട്ടുണ്ടെന്നും എന്നാൽ പ്രസ്തുത ഫീ ഒടുക്കി ടിയാൻ രേഖകൾ സ്വീകരിക്കാൻ ഇതുവരെ തയ്യാറായിട്ടില്ല എന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട ഹാജർ രജിസ്റ്ററിന്റെ പകർപ്പ്

വിവരാവകാശ നിയമ പ്രകാരം നിഷേധിക്കേണ്ട ഒന്നായിരുന്നില്ല എന്ന് കാണുന്നു. വിവരാവകാശ നിയമം 2(എഫ്) പ്രകാരം വിവരം എന്നാൽ ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ രേഖകളും, പ്രമാണങ്ങളും മെമ്മോകളും ഉൾപ്പെടുന്ന രേഖകളാണ്. അറ്റൻഡൻസ് രജിസ്റ്റർ ഒന്നാം എതിർകക്ഷിയുടെ കൈവശമുള്ള രേഖ ആയതിനാൽ ആയതിന്റെ പകർപ്പ് ഒന്നാം എതിർകക്ഷി നിഷേധിച്ചത് വിവരാവകാശ നിയമ പ്രകാരം അംഗീകരിക്കത്തക്കതല്ല. ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട ഹാജർ രജിസ്റ്ററിന്റെ അവശ്യം വേണ്ട രേഖാപകർപ്പുകൾ, 10.4.2022നകം ഒന്നാം എതിർകക്ഷി ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. അപേക്ഷകൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നിശ്ചിത കാലയളവിനുള്ളിൽ നൽകിയാൽ മാത്രമെ, അപേക്ഷകരിൽ നിന്നും പകർപ്പ് ഫീസ് ഈടാക്കാൻ വിവരാവകാശ നിയമ പ്രകാരം വ്യവസ്ഥയുള്ളൂ. നിശ്ചിതകാലാവധിക്ക് ശേഷമാണ് പകർപ്പ് ഫീ ഒടുക്കുവാൻ ആവശ്യപ്പെടുന്നത് എങ്കിൽ അപേക്ഷകന് വിവരങ്ങൾ സൗജന്യമായി നൽകേണ്ടിവരികയും അപ്രകാരം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം അതിന് ഉത്തരവാദിയായ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ വഹിക്കേണ്ടതായി വരികയും ചെയ്യും. ആയതിനാൽ വിവരാവകാശ അപേക്ഷകൾ കൂടുതൽ ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കരുതെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 23-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

bnk